(എ) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിലെ അരിയൂരിൽ അനുവദിച്ച വഴിയോരവിശ്രമകേന്ദ്രത്തിന്റെ പണി തുടങ്ങുന്നതിനുള്ള നടപടി തുടങ്ങിയിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ)&(ബി) പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് കേന്ദ്രസഹായത്തോടെ ഒരു യാത്രിനിവാസ് പണിയുന്നതിന് പ്രോജക്ട് സമർപ്പിക്കുകയും കേന്ദ്രാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് എത്രയും വേഗം ഭരണാനുമതി നൽകുന്നതാണ്. പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലം ടൂറിസം വകുപ്പ് ഏറ്റെടുത്തുകഴിഞ്ഞു.

162 (2477) 'സാഗരറാണി' ആലപ്പുഴ ജില്ലാ ടൂറിസം കൗൺസിലിന് കൈമാറാൻ നടപടി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസഹായത്തോടെ 1990 - ൽ നിർമ്മിച്ച ' സാഗരറാണി' എന്ന ലക്ഷ്വറിവെസ്സൽ പൊളിച്ചു വിൽക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ആലപ്പുഴയിൽ ഫ്ളോട്ടിംഗ് റിസോർട്ടും റെസ്റ്റോറന്റും ആരംഭിക്കുന്നതിന്, കൊല്ലം ഡി.റ്റി.പി.സി. ക്ക് 'അഷ്ടമുടി' എന്ന ജലയാനം കൈമാറിയ വ്യവസ്ഥയിൽ ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് 'സാഗരറാണി' കൈമാറണമെന്ന ആവശ്യത്തിൻമേൽ എന്തു തീരുമാനമെടുത്തു;

(സി) 'ഡെസ്റ്റിനേഷൻ കേരള പ്രോഗ്രാമിലെ' പ്രമുഖ ടൂറിസ്റ്റ് കേന്ദ്രമാക്കി ആലപ്പുഴയെ പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉത്തരം

(എ) 'സാഗരറാണി' കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കുന്നതിനുള്ള ശ്രമം നടത്തി എങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ആ ജലയാനം ലാഭകരമായിരിക്കില്ല എന്ന് ബോധ്യമായതിനാൽ അത് കണ്ടം ചെയ്ത് ലേലത്തിൽ വിൽക്കാൻ 13-4-99 ൽ ഗവൺമെന്റ് അനുമതി നൽകി.

(ബി) 'സാഗരറാണി' എന്ന ജലയാനം ലേലത്തിൽ വിൽക്കാൻ തീരുമാനിച്ച വിവരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ചെയർമാൻ കൂടിയായ ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

163 (2478) ആലുവ പാലസ് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിന്റെ പണി

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആലുവ പാലസ് ഗസ്റ്റ് ഹൗസിൽ ഒന്നാം നിലയിൽ നിലവിലുള്ള ഹാൾ ഒരു കോൺഫറൻസ് ഹാളാക്കി മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി കഴിഞ്ഞോ;

(ബി) എങ്കിൽ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ടോ;

(സി) ഇതിന്റെ പണി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കാര്യത്തിലുള്ള പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)(സി)&(ഡി) ആലുവ ഗസ്റ്റ് ഹൗസിന്റെ ഒന്നാം നിലയിൽ നിലവിലുള്ള ഹാൾ ഒരു കോൺഫറൻസ് ഹാളാക്കി മാറ്റുന്നതിനുവേണ്ട എസ്റ്റിമേറ്റ് തയാറാക്കുന്നതിന് സംസ്ഥാന പി.ഡബ്ല്യൂ.ഡിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി തയാറാക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് അതു പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

164 (2479) കെ.ടി.ഡി.സി യിലെ വിവിധ ഹോട്ടലുകളിൽ മാനേജ്മെന്റ് ട്രെയിനികളായി നിയമിക്കുന്നതിന് നിലവിലുള്ള സംവിധാനം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി. യിലെ വിവിധ ഹോട്ടലുകളിൽ മാനേജ്മെന്റ് ട്രെയിനികളായി നിയമിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സംവിധാനത്തിന് മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിലവിലുള്ള നിയമനരീതിക്ക് മാറ്റം വരുത്തിയാൽ ഡിഗ്രി/ഡിപ്ലോമ യോഗ്യതനേടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത്തരം നടപടി ഒഴിവാക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.ടി.ഡി.സി. യുടെ ഹോട്ടലുകളിലെ അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള നിയമനരീതി വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വിനോദസഞ്ചാരവികസന കോർപ്പറേഷനിലെ ഹ്യൂമൻ റിസോഴ്സ് ഡവലപ്മെന്റ് സ്കീം പ്രകാരം വിവിധ ഹോട്ടലുകളിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽനിന്നോ, അംഗീകൃത യൂണിവേഴ്സിറ്റിയിൽനിന്നോ ഹോട്ടൽ മാനേജ്മെന്റിലും കാറ്ററിംഗ് ടെക്നോളജിയിലും ലഭിച്ച ഡിഗ്രി/ഡിപ്ലോമ സർട്ടിഫിക്കറ്റ് യോഗ്യതയുള്ളവരിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly